'ഭരണഭാഷ മാതൃഭാഷ'

# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ഉഷ എസ് നെ - തസ്തികമാറ്റം മുഖേന നിയമിക്കുന്നതിനയുള്ള ക്ലാർക്ക് തസ്തികയ്ക്ക് താഴെയുള്ള ജീവനക്കാരുടെ സംയോജിത അന്തിമ മുൻഗണന പട്ടികയിൽ ഉൾപെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ:**C2/31831/2023/DCE** തിയതി: 28-08-2024

---

പരാമർശം 1) 06.07.2019 തിയതിയിലെ C1/3705/2014 അന്തിമ മുന്ഗണന പട്ടിക.

2) 24.06.2024 തിയതിയിലെ എഫ്1/261/2023/ഉ.വി.വ നം സർക്കാർ കത്ത്.

3) 20.07.2024 തിയതിയിലെ ഇതേ നമ്പർ കത്ത് .

**ഉത്തരവ്**

.

പരാമർശം (1) പ്രകാരം ഈ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിനായി ക്ലാർക്ക് തസ്തികയ്ക്ക് താഴെയുള്ള ജീവനക്കാരുടെ അന്തിമ സംയോജിത മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയുണ്ടായി . പ്രസ്തുത ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംയോജിത മുൻഗണനാ പട്ടികയിൽ നെയ്യാറ്റിൻകര, ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിലെ ലൈബ്രറി അസിസ്റ്റന്റ് ആയ ശ്രീമതി.ഉഷ എസ് ന്റെ പേര് ഉൾപ്പെടുത്താൻ വിട്ടുപോയെന്നും ആയതിനാൽ ടിയാന്റെ പേര് ഉൾപ്പെടുത്തുന്നതിന് പ്രിൻസിപ്പാൾ മുഖേന അപേക്ഷ നൽകുകയുണ്ടായി . ടിയാരി താത്കാലിക മുൻഗണനാ പട്ടികയിൽ പരാതി ഉന്നയിച്ചിട്ടില്ലതിരുന്നതിനാൽ പട്ടികയ്ക്ക് അന്തിമ രൂപം നൽകി ടിയാന്റെ പേര് ഉൾപെടുത്താതെയാണ് പ്രസിദ്ധീകരിച്ചിരുന്നത് .

ശ്രീമതി. ഉഷ എസ് തിരുവനന്തപുരം ജില്ലാ പി എസ് സി ഓഫീസിരുടെ DTD 3/3527/96(14) തീയതി 05.05.2003 നമ്പർ അഡ്വൈസ് പ്രകാരം കോളേജ് വിദ്യാഭ്യാസ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13.12.2004 ല സി3/30605/02/കോ വി വാ നമ്പർ നിയമന ഉത്തരവ് പ്രകാരവും ടിയാൻ ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ 19.02.2004 ൽ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. ശ്രീമതി ഉഷ എസ് എസ്.എസ്.എൽ.സി പാസ്സായിട്ടുണ്ട്. ടിയാളുടെ നിയമന ഉത്തരവ് അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിക്കുന്ന പക്ഷം ക്രമ നം 36 ശ്രീ പാരിജാതൻ എ, ക്രമ നം 37 ശ്രീ ഹരികുമാർ നായർ നും ഇടയിൽ സ്ഥാനം ലഭിക്കാൻ അർഹത ഉണ്ട്. ഒരിക്കൽ അന്തിമരൂപം നൽകിയ മുൻഗണന പട്ടികയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ ടിയാളുടെ അപേക്ഷ സർക്കാരിലേക്ക് അയക്കുകയും പരാമർശം (2) പ്രകാരം അനുമതി ലഭ്യമാക്കുകയും ചെയ്തു. കൂടാതെ ടിയാൾക്ക് അർഹമായ സ്ഥാനം അന്തിമ മുൻഗണന പട്ടികയിൽ നൽകുന്ന പക്ഷം ആയതു ബാധിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും തടസ്സവാദങ്ങൾ ഉണ്ടെങ്കിൽ ആയതി അറിയിക്കാൻ പരാമർശ പ്രകാരം പത്ത് ദിവസത്തെ സഹാവകാശം നൽകി കത്ത് നല്കിയിരുന്നെങ്കിലും ആരും പരാതി സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ നെയ്യാറ്റിൻകര ഗവ ആർട്സ് ആൻഡ്

സയൻസ് കോളേജിലെ ലൈബ്രറി അസിസ്റ്റന്റ് ആയ ശ്രീമതി. ഉഷ എസ് നെ SL NO-36 (a) ആയി SL NO-36 ശ്രീ. പാരിജാതൻ. എ SL NO-37 ശ്രീ. ഹരികുമാരൻ നായർ .റ്റി യ്ക്കും ഇടയിൽ സ്ഥാനം നിശ്ചയിച്ച് ഉത്തരവാകുന്നു. പ്രസ്തുത ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതയിരിക്കും.

Signed by
Satheesh S
Date: 28-08-2024 10:58:46

Satheesh S
SENIOR ADMINISTRATIVE OFFICER
0471-2303548
dir.colledn@kerala.gov.in

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, ഗവ കോളേജ് നെയ്യാറ്റിൻകര
2. ശ്രീമതി. ഉഷ എസ് , ലൈബ്രറി അസിസ്റ്റന്റ് (പ്രിൻസിപ്പാൾ മുഖാന്തരം )